**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2322** **01-09-2022 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലെ തസ്തികകൾ സൃഷ്ടിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ സമർപ്പിച്ച മലപ്പുറം വിഷമദ്യ ദുരന്തത്തിന്റെ റിപ്പോർട്ട് പുറത്ത് വിട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വീഴ്ചകൾക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (എ) | ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എത്ര സിവിൽ എക്സൈസ് ഓഫീസർമാർ സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നുണ്ട്; അവിടെ സിവിൽ എക്സൈസ് ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്നിട്ടും പ്രസ്തുത ഡിപ്പാർട്ട്മെന്റിൽ സർവ്വീസ് ജൂനിയറായ സിവിൽ എക്സൈസ് ഓഫീസർമാർ പലരെയും സ്വാധീനിച്ച് സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ എക്സൈസ് കമ്മീഷണറുടെ ഓഫീസ്, എക്സൈസ് വിജിലൻസ് ഓഫീസ്, അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ജോയിന്റ് എക്സൈസ് കമ്മീഷണർ (ECRB), ജോയിന്റ് എക്സൈസ് കമ്മീഷണർ (ദക്ഷിണ മേഖല), ജോയിന്റ് എക്സൈസ് കമ്മീഷണർ (EI & IB) എന്നീ ഓഫീസുകളിലായി 45 സിവിൽ എക്സൈസ് ഓഫീസർമാർ താൽക്കാലികമായി സ്പെഷ്യൽ ഡ്യൂട്ടിയിൽ ജോലി നോക്കി വരുന്നു. സിവിൽ എക്സൈസ് ഓഫീസർമാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിക്കുന്നത് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലല്ല. |
| (സി) | കാസർഗോഡ് ഉൾപ്പെടെ പല ജില്ലകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനം താളം തെറ്റുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | കാസർഗോഡ് ഉൾപ്പെടെ എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമായി തന്നെ നടക്കുന്നു. കേസ് കണ്ടെടുക്കുന്ന കാര്യത്തിൽ കൃത്യമായ പുരോഗതിയാണ് കാണുവാൻ സാധിക്കുന്നത്. ആയത് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലുള്ള മികവിനെയാണ് സൂചിപ്പിക്കുന്നത്. |
| (ഡി) | എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ സിവിൽ എക്സൈസ് ഓഫീസർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; ആയതിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ ഉണ്ടായ തിയ്യതിയും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തവയാണോയെന്നും ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ വീഴ്ച വരുത്തിയ | (ഡി) | നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ഓഫീസ് | നിലവിലുള്ള സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ |
|---|---|
| അഡീഷണൽ എക്സൈസ് | 2 |

<table>
<tr>
<td></td>
<td>ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ;</td>
<td></td>
<td>
<table>
<tr><td>കമ്മീഷണർ (എൻഫോഴ്സ്മെന്റ്)</td><td></td></tr>
<tr><td>ജോയിന്റ് എക്സൈസ് കമ്മീഷണർ (ദക്ഷിണ മേഖല)</td><td>2</td></tr>
<tr><td>ജോയിന്റ് എക്സൈസ് കമ്മീഷണർ (ECRB)</td><td>3</td></tr>
<tr><td>എക്സൈസ് വിജിലൻസ് ഓഫീസർ</td><td>4</td></tr>
</table>
നിലവിൽ ടി തസ്തികയിൽ ഒഴിവുകളില്ലാത്തതാണ്.<br>
␣
</td>
</tr>
<tr>
<td>(ഇ)</td>
<td>എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലെ എല്ലാ ഓഫീസുകളിലുമായി സ്പെഷ്യൽ ഡ്യൂട്ടി, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകളിൽ മറ്റൊരു ഓർഡറുമില്ലാതെ ഉയർന്ന റാങ്കിലെ ഉദ്യോഗസ്ഥർ വിളിച്ചുവരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും എണ്ണത്തിനനുസരിച്ച് പുതിയ തസ്തികകകൾ സൃഷ്ടിക്കാൻ നടപടി എടുക്കുമോ; വ്യക്തമാക്കാമോ?</td>
<td>(ഇ)</td>
<td>എക്സൈസ് വകുപ്പിലെ ഓഫീസ് ജോലികൾ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ബോർഡ് ഡ്യൂട്ടിയിൽ നിയോഗിച്ചാണ് നിർവ്വഹിച്ചു വരുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ ജീവനക്കാരെ താൽക്കാലികമായി സ്പെഷ്യൽ ഡ്യൂട്ടിയിലും നിയോഗിച്ചുവരുന്നു. സ്പെഷ്യൽ ഡ്യൂട്ടിയിൽ ജീവനക്കാരെ നിയോഗിക്കുന്നത് അടിയന്തിര സാഹചര്യം കണക്കിലെടുത്തായതിനാൽ ജീവനക്കാർക്ക് ആനുപാതികമായി തസ്തിക സൃഷ്ടിക്കുന്നത് പ്രായോഗികമല്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ